**Kerala Small Industries Development Corporation Limited**
(Government of Kerala Undertaking)

P.B.No.:50, Housing Board Building,
Santhi Nagar, Thiruvananthapuram-695 001
Ph: 0471-2330613, 2330614, 2330458 (after office hrs.)
Fax : 0471-2330904
E-mail:kersidco_tvm@dataone.in
Website : www.keralasidco.com

ഐ.പി/അങ്കമാലി/21394/06 28.02.2007

## കേരള സിഡ്കോ

## വ്യവസായ പ്ലോട്ടുകൾ ദീർഘകാല വാടകയ്ക്ക് ക്വട്ടേഷൻ/ലേല പരസ്യം

എറണാകുളം ജില്ലയിൽ കേരള സിഡ്കോ വക അങ്കമാലി വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വിവിധ വ്യവസായ പ്ലോട്ടുകൾ ക്വട്ടേഷൻ/ലേല അടിസ്ഥാനത്തിൽ 90 വർഷ ദീർഘകാല വാടകയ്ക്ക് അനുവദിച്ചുകൊടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിനായുള്ള മുദ്രവച്ച ക്വട്ടേഷനുകൾക്കൊപ്പം ഓരോ പ്ലോട്ടിനും 5000 രൂപയുടെ നിരതദ്രവ്യവും 3000 രൂപ രജിസ്ട്രേഷൻ ഫീസും (തിരികെ നൽകുന്നതല്ല) സിഡ്കോയുടെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന ഡിമാന്റു ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ 9.3.2007 വൈകുന്നേരം 4 മണിവരെ എസ്റ്റേറ്റ് മാനേജർ, ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, മുടിയ്ക്കൽ, പെരുമ്പാവൂർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്. (കവറിനു പുറത്ത് പ്ലോട്ടു നമ്പർ വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്). 12.3.2007 ന് ഉച്ചയ്ക്ക് 12 മണിയ്ക്ക് പരസ്യ ലേലവും നടക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് : ഫോൺ 0471 – 2330613, 2330614, 0484 – 2523273 എന്നീ നമ്പരുകളിൽ ബന്ധപ്പെടേണ്ടതാണ്.

കൂടുതൽ തുകയ്ക്കുള്ള ലേലം/ക്വട്ടേഷൻ സ്ഥിരപ്പെടുത്തുന്നതിനോ, സ്ഥിരപ്പെടുത്താതിരിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം സിഡ്കോ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

(ഒപ്പ്)
മാനേജിംഗ് ഡയറക്ടർ

ran-1/ph

*For Kerala Small Industries Development Corporation Limited.*

*P.K. Nandakumaran Nair*
*Public Relations Officer i/c*
*For Managing Director*

# കേരളാ ഡിസ്കോ

സിഡ്കോ/ഐ.പി/ഡി.എം.ബി/99 തീയതി: 8.11.2006.

## <u>വ്യവസ്ഥകൾ</u>

1. പ്ലോട്ടുകൾ ക്വട്ടേഷനും ലേലവും അടിസ്ഥാനത്തിൽ ലഭിക്കുന്ന ഏറ്റവും കൂടിയ തുകയ്ക്ക് അനുവദിച്ചു കൊടുക്കുന്നതാണ്.

2. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ (എസ്.എസ്.ഐ രജിസ്ട്രേഷൻ ഉള്ളവർ മാത്രം) നിരതദ്രവ്യമായി 5000 രൂപ (ഒരോ പ്ലോട്ടിനും) സിഡ്കോയുടെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന ഡി.ഡി. ലേലത്തിനു മുമ്പ് കെട്ടിവയ്ക്കേണ്ടതാണ്. നിരതനദ്രവ്യത്തോടുകൂടി ക്വട്ടേഷൻ നൽകിയിട്ടുള്ളവർ ലേലത്തിൽ പങ്കെടുക്കുന്നതിന് പ്രത്യേകം നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതില്ല

3. ലേലത്തിനു ശേഷം ലഭ്യമായിട്ടുള്ള ക്വട്ടേഷനുകൾ അവിടെ വച്ചു തന്നെ തുറക്കുന്നതും ലേലത്തിലെ തുകയെക്കാൾ കൂടുതലാണ് ക്വട്ടേഷനിലെ തുകയെങ്കിൽ ക്വട്ടേഷൻ തുകയ്ക്കും, ക്വട്ടേഷനിലെ തുകയെക്കാൾ കൂടുതലാണ് ലേലത്തിലെ തുകയെങ്കിൽ ലേലതുകയ്ക്കും മാനേജിംഗ് ഡയറക്ടറുടെ അംഗീകാരത്തിന് വിധേയമായി സ്ഥിരപ്പെടുത്തുന്നതാണ്.

4. ഏറ്റവും കൂടിയ തുകയ്ക്ക് ക്വട്ടേഷൻ /ലേലം ഉറപ്പിച്ചു കിട്ടിയ ആൾ ടി.തുകയുടെ 5% അപ്പോൾ തന്നെ കെട്ടിവയ്ക്കേണ്ടതാണ്. ബ്ക്കി തുക അറിയിപ്പു കിട്ടി നിശ്ചിത സമയ പരിധിക്കുള്ളിൽ അടയ്ക്കേണ്ടതാണ്. അപ്രകാരം ചെയ്യാതെ വന്നാൽ ടി വ്യക്തി അടച്ച തുക കണ്ടുകെട്ടുന്നതാണ്.

5. കൂടിയ തുക ലേലമായാലും ക്വട്ടേഷൻ ആയാലും സ്ഥിരപ്പെടുത്തുന്നതിനോ സ്ഥിരപ്പെടുത്താതിരിക്കുന്നതിനോ ഉള്ള അധികാരം സിഡ്കോ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

6. ഉയർന്ന തുക സ്ഥിരപ്പെടുത്തി അറിയിപ്പു കിട്ടിയാൽ 30 ദിവസത്തിനം നിരതദ്രവ്യം കഴിച്ചുള്ള ബാക്കി തുക സിഡ്കോയുടെ പേരിൽ തിരുവനന്തപുരത്തു മാറാവുന്ന വിധത്തിൽ ഡി.ഡി അയക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുകാണെങ്കിൽ നിരതദ്രവ്യമായി അടച്ച തുക സിഡ്കോയിലേക്ക് മുതൽ കൂട്ടുന്നതും പ്ലോട്ടുകൾ .പുനർ ക്വട്ടേഷൻ/ ലേലത്തിൽ അനുവദിച്ചു കൊടുക്കുന്നതുമാണ്.

7. ക്വട്ടേഷൻ /ലേലം സ്ഥിരപ്പെടുത്തി കിട്ടുന്ന ആൾ അലോട്ട്മെന്റ് ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം നിരതദ്രവ്യം കഴിച്ചുള്ള തുക ഒന്നായി അടയ്ക്കാനുന്നതാണ്.അല്ലെങ്കിൽ 60% തുക നിരതദ്രവ്യം കഴിച്ച് 30 ദിവസത്തിനകം അടച്ചു തീർത്തശേഷം ബാക്കി വരുന്ന തുക 2 വാർഷിക ഗഡുക്കളായി 14% പലിശയോടുകൂടി അടയ്ക്കാവുന്നതാണ്.

8. അലോട്ട്മെന്റ് ഉത്തരവ് ലഭിക്കുന്നയാൾ സെന്റിന് 1 രൂപ നിരക്കിൽ വാർഷിക വാടകയും കാലാകാലാങ്ങളിലുള്ള ഭൂനികുതിയും അയ്ക്കേണ്ടതാണ്.

(ഒപ്പ്)
മാനേജിംഗ് ഡയറക്ടർ